CHRISTIAN MUSICOLOGICAL SOCIETY OF INDIA

mathrubhumi.com

# 'കാണാതായ' ആ സൂപ്പർ ഹിറ്റ് ഗായിക ഇതാ ഇവിടെ

By: രവിമേനോന്

2 Mar 2018, 06:26 PM IST



"**ആ**പാട്ടൊന്ന് പാടിത്തരുമോ?" ചോദ്യം കേട്ട് പകച്ചുപോയിരിക്കണം 65 കാരിയായ വീട്ടമ്മ. കുറച്ചു നേരം മിണ്ടാതെ നിന്ന ശേഷം ക്ഷമാപണസ്വരത്തിൽ അവർ പറഞ്ഞു: "വരികളും ഈണവും ശരിക്ക് ഓർമ്മവരുന്നില്ല. വർഷം കുറെയായില്ലേ? എങ്കിലും ശ്രമിച്ചുനോക്കാം. തെറ്റിപ്പോയാൽ പൊറുക്കണം..." നാലര പതിറ്റാണ്ടു മുൻപ് താൻ റെക്കോർഡ് ചെയ്ത പാട്ടിന്റെ വരികൾ ഓർമ്മയിൽ നിന്ന് വീണ്ടെടുത്ത് ഫോണിലൂടെ പതുക്കെ പാടിക്കേൾപ്പിക്കുന്നു ഷൈല സതീഷ്: "വാഴ്ത്തുന്നു ദൈവമേ നിൻ മഹത്വം, വാഴ്ത്തുന്നു രക്ഷകാ നിന്റെ നാമം, നീയെന്റെ പ്രാർത്ഥന കേട്ടു നീയെന്റെ മാനസം കണ്ടു..."

സിനിമക്ക് വേണ്ടി ആദ്യമായും അവസാനമായും പാടി റെക്കോർഡ് ചെയ്ത പാട്ട് ഇത്ര കാലത്തിനു ശേഷം വീണ്ടും പാടുമ്പോൾ എന്തെന്തു വികാരങ്ങളാകും ആ മനസ്സിനെ വന്നു മൂടിയിരിക്കുക എന്നോർക്കുകയായിരുന്നു ഞാൻ. എത്രയെത്ര മുഖങ്ങളാകും ആ പാട്ടിനൊപ്പം ഗായികയുടെ ഓർമ്മയിൽ തെളിഞ്ഞിരിക്കുക? പല്ലവി പാടിനിർത്തിയ ശേഷം പഴയ മേരി ഷൈല (ഇന്ന് ഷൈല സതീഷ്) പറഞ്ഞു: "ഇരുപതാം വയസ്സിൽ പാടിയ പാട്ടല്ലേ? വരികളൊക്കെ മറന്നുതുടങ്ങി. കാറ്റു വിതച്ചവൻ എന്ന സിനിമയുടെ സംവിധായകൻ റവ. സുവിശേഷമുത്തു, സംഗീത സംവിധായകരായ പീറ്റർ രൂബൻ, ഗാനരചയിതാവ് പൂവച്ചൽ ഖാദർ, ആർ കെ ശേഖർ, ഗായകൻ ജെ എം രാജു... ഇവരൊക്കെ റെക്കോർഡിംഗിന് ഭരണി സ്റ്റുഡിയോയിൽ എത്തിയിരുന്നു എന്നാണു ഓർമ്മ. പാട്ട് കേട്ട് അഭിനന്ദിച്ചു എല്ലാവരും. സിനിമയിൽ കൂടുതൽ അവസരങ്ങൾ ലഭിക്കട്ടെ എന്ന് ആശംസിക്കുകയും ചെയ്തു. വലിയ സന്തോഷം തോന്നി..." പക്ഷേ പിന്നീടൊരിക്കലും സിനിമയിലേക്ക് തിരിച്ചുചെന്നില്ല ഷൈല. തന്റെ ജീവിതത്തിലെ അടഞ്ഞ അധ്യായമാണ് സിനിമക്കാലമെന്നു പറയും അവർ. "ഒട്ടും പ്രതീക്ഷിക്കാതെയാണ് ഒരു നാൾ സിനിമയിൽ പാടിയത്. ഒരിക്കലും അതൊരു ഉപജീവനമാർഗമാക്കണം എന്ന് ആലോചിച്ചിട്ടില്ല. ഇന്നും കുറേപ്പേർ എന്റെ പാട്ട് ഓർത്തിരിക്കുന്നു എന്നതുതന്നെ അത്ഭുതകരമായ അറിവാണെനിക്ക്." ഷൈല.

ആഴ്ചകൾക്ക് മുൻപ് "വാഴ്ത്തുന്നു ദൈവമേ" എന്ന പാട്ടിനെ കുറിച്ചെഴുതുമ്പോൾ, അത് പാടിയ ഗായികയെ കണ്ടെത്താൻ കഴിയുമെന്ന് പ്രതീക്ഷിച്ചതല്ല. ഏറ്റവുമടുപ്പമുണ്ടായിരുന്നവർക്കു പോലും അറിയില്ലായിരുന്നു പഴയ പാട്ടുകാരി ഇപ്പോൾ എവിടെയാണെന്ന്.

1970 കളുടെ ഒടുവിൽ സഹപ്രവർത്തകൻ സതീഷിന്റെ ജീവിതപങ്കാളിയായി ക്രിസ്റ്റ്യൻ ആർട്സിനോട് വിടപറഞ്ഞ ശേഷം ചെന്നൈയിൽ നിന്ന് അപ്രത്യക്ഷയായതാണ് ഷൈല.
"തിരുപ്പൂരിൽ കുടുംബസമേതം താമസിക്കുകയാണെന്ന് കേട്ടിരുന്നു കുറച്ചുകാലം മുൻപ്. ഇപ്പോൾ എവിടെ എന്ന് പിടിയില്ല." ക്രിസ്റ്റ്യൻ ആർട്സിന്റെ സുവർണ്ണ കാലത്ത് റേഡിയോ സിലോണിലെ ഏറ്റവും പ്രശസ്ത ഗായക ശബ്ദമായിരുന്ന ജെ എം രാജു പറഞ്ഞു. രാജുവിനെ പോലെ ദീർഘകാലം ഷൈലയുടെ സമകാലീനനായിരുന്ന പൂവച്ചൽ ഖാദറിനും ഉണ്ടായിരുന്നില്ല ഗായികയുടെ പിൽക്കാല ജീവിതത്തെ കുറിച്ചുള്ള വിവരം. സംഗീത വേദികളിലൊന്നും പിന്നീടവരുടെ പേര് പരാമർശിച്ച് കേട്ടിട്ടില്ല. വിജ്ഞാന ഭണ്ഡാരമായി വാഴ്ത്തപ്പെടുന്ന ഇന്റർനെറ്റിൽ പോലുമില്ല ഷൈലയുടെ ജീവിതരേഖ; പേരിനൊരു ഫോട്ടോ പോലും. ഇത്രയും വലിയൊരു ഹിറ്റ് ഗാനം മലയാളികൾക്ക് സമ്മാനിച്ച് കടന്നുപോയ പാട്ടുകാരി എവിടെ പോയി മറഞ്ഞിരിക്കണം? കൗതുകവും ദുരൂഹതയും നിറഞ്ഞ ചോദ്യം.



നീയെന്റെ പ്രാർത്ഥന കേട്ടു എന്ന ഗാനത്തിന്റെ റെക്കോർഡിംഗ്. ഇടത്തുനിന്ന് നാലാമത് ഷൈല. പൂവച്ചൽ ഖാദർ, പീറ്റർ, രൂബൻ, ആർ കെ ശേഖർ, റെക്കോർഡിസ്റ്റ് കണ്ണൻ തുടങ്ങിയവർ സമീപം.

ബംഗളൂരുവിൽ ലിംഗരാജപുരത്ത് ഭർത്താവ് സതീഷിനൊപ്പം സന്തുഷ്ട കുടുംബജീവിതം നയിക്കുന്ന ഷൈലയെ ഒടുവിൽ കണ്ടെത്തിയത് ഫേസ്ബുക്കിന്റെ സഹായത്തോടെയാണ്. മകൾ സഞ്ജന സതീഷ് യൂട്യൂബിൽ അമ്മയുടെ പാട്ടിനെ കുറിച്ച് പോസ്റ്റ് ചെയ്ത ഒരു കമന്റിൽ നിന്നായിരുന്നു അന്വേഷണത്തിന്റെ തുടക്കം. ഫേസ്ബുക്കിൽ കണ്ടുമുട്ടിയപ്പോൾ സഞ്ജന പറഞ്ഞു: "അമ്മക്ക് സന്തോഷമാകും. മറന്നുതുടങ്ങിയ ആ കാലത്തെ കുറിച്ച് ഗൃഹാതുരത്വത്തോടെ സംസാരിച്ചുകേൾക്കാറുണ്ട് അവർ.."

മൂന്നു പെൺമക്കളാണ് സതീഷ് ഷൈല ദമ്പതിമാർക്ക് സുകന്യ, സഞ്ജന, ശരണ്യ. മൂന്ന് പേരും വിവാഹിതർ. ദാമ്പത്യത്തിലേക്ക് പ്രവേശിച്ച ശേഷം പാട്ടിന്റെ വഴിയിലേക്ക് തിരികെ പോയില്ല ഷൈല. കുട്ടികളെ വളർത്തുന്ന തിരക്കിൽ അതിനു സമയം കിട്ടിയില്ല എന്നതാണ് സത്യം. എങ്കിലും പാട്ടിനോടുള്ള സ്നേഹം ഷൈല കൈവിട്ടിരുന്നില്ല. അപൂർവമായി പള്ളിയിലെ ക്വയറിൽ പാടും. മലയാളസിനിമയിലെ എക്കാലത്തെയും സൂപ്പർഹിറ്റ് ക്രിസ്തീയ ഭക്തിഗാനങ്ങളിൽ ഒന്നിന് ശബ്ദം പകർന്ന ഗായികയാണ് തെല്ലൊരു സഭാകമ്പത്തോടെ മുന്നിൽ നിന്ന് പാടുന്നതെന്ന് തിരിച്ചറിഞ്ഞവർ കുറവായിരുന്നു ബംഗളൂരുവിലെ കൂട്ടായ്മകളിൽ. ഷൈല അക്കാര്യം ആരോടും വെളിപ്പെടുത്താൻ പോയതുമില്ല. ഒരേയൊരു സിനിമാ പാട്ട് പാടി അപ്രത്യക്ഷയായ തന്നെ ആര് ഓർത്തിരിക്കാൻ ?

ഇടയ്ക്കൊരിക്കൽ ഭർത്താവ് സതീഷ് ഔദ്യോഗിക ആവശ്യത്തിന് കേരളത്തിൽ പോയി തിരിച്ചുവന്നപ്പോഴാണ് ആ ധാരണ തിരുത്തേണ്ടിവന്നത്. ഏതോ നാട്ടിൻപുറത്തുകൂടി കാറിൽ കടന്നു പോകവേ സതീഷിന്റെ കാതിലേക്ക് പരിചിതമായ ഒരു ശബ്ദം ഒഴുകിയെത്തുന്നു. വണ്ടി നിർത്തി ശ്രദ്ധിച്ചപ്പോൾ, അത്ഭുതം. ഭാര്യയുടെ പാട്ടാണ്. "തൊട്ടടുത്തുള്ള ഒരു സ്കൂൾ അസംബ്ലിയിൽ പ്രാർത്ഥനാഗീതമായി കുട്ടികൾ പാടിയ വാഴ്ത്തുന്നു ദൈവമേ എന്ന പാട്ട് സതീഷ് എനിക്ക് വേണ്ടി ഫോണിൽ റെക്കോർഡ് ചെ യ്തു. ഇവിടെ വന്ന് അത് കേൾപ്പിച്ചുതന്നപ്പോൾ എനിക്കെന്റെ കാതുകളെ വിശ്വസിക്കാനായില്ല. ഇത്ര കാലത്തിനു ശേഷവും ആ പാട്ട് ജീവിക്കുന്നുവെന്നോ? ശരിക്കും കണ്ണു നിറഞ്ഞുപോയി. " ഷൈലയുടെ മക്കൾക്കും അതൊരു അത്ഭുതകരമായ അറിവായിരുന്നു. അമ്മയെ വീണ്ടും സംഗീതത്തിലേക്ക് തിരിച്ചുകൊണ്ടുവരണമെന്ന് സുകന്യയും സഞ്ജനയും ശരണ്യയും തീരുമാനിക്കുന്നത് അന്നാണ്. 2007 ൽ ഷൈലയുടെ പാട്ടു കൂടി ഉൾപ്പെടുത്തി ഒരു ഭക്തിഗാന ആൽബം പുറത്തിറക്കുന്നു അവർ. "കുട്ടികളുടെ നിർബന്ധത്തിനു വഴങ്ങിയാണ് അന്ന് ഞാൻ പാടിയത്. പിന്നെ പാടിയിട്ടില്ല." ഒരു നിമിഷം നിർത്തി ഷൈല കൂട്ടിച്ചേർക്കുന്നു: "ഇപ്പോൾ തോന്നും കുറച്ചുകൂടി പാട്ടുകൾ പാടാമായിരുന്നു എന്ന്. പക്ഷേ, വൈകിപ്പോയില്ലേ?"



ഷൈല കുടുംബത്തോടൊപ്പം

ചെന്നൈയിൽ കുടിയേറിയ ഒരു തമിഴ് കുടുംബത്തിലാണ് മേരി ഷൈലയുടെ ജനനം. ചെറുപ്പം മുതലേ റേഡിയോയുടെ ആരാധിക. ലതാ മങ്കേഷ്കറുടെ പാട്ടുകൾ കേട്ട് മനഃപാഠമാക്കുകയാണ് അന്നത്തെ പ്രധാന ഹോബി. ആദ്യം സ്റ്റേജിൽ പാടിയതും ലതയുടെ പാട്ടുകൾ തന്നെ.  ക്രിസ്ത്യൻ ആർട്സ് ആൻഡ് കമ്മ്യൂണിക്കേഷൻ സർവീസസിൽ ചേർന്ന ശേഷം പതിവായി ഭക്തിഗാനങ്ങൾ പാടിത്തുടങ്ങി. "കാറ്റു വിതച്ചവനി"ലൂടെ (1973) ക്രിസ്ത്യൻ ആർട്ട്സ് സിനിമാ നിർമ്മാണത്തിലേക്ക് കാലെടുത്തു വെച്ചപ്പോൾ, ഷൈലയ്ക്കും പിന്നണി പാടാൻ അവസരം നൽകണമെന്നത് സംവിധായകൻ സുവിയുടെ (റവ സുവിശേഷമുത്തു) നിർബന്ധമായിരുന്നു. പൂവച്ചൽ ഖാദർ എഴുതി പീറ്റർ-റൂബൻ ചിട്ടപ്പെടുത്തിയ പ്രാർത്ഥനാഗീതം പഠിച്ചെടുക്കുക എളുപ്പമായിരുന്നില്ല ഷൈലക്ക്. ജെ.എം രാജുവും ഖാദറുമാണ് ഒടുവിൽ ഗായികയുടെ സഹായത്തിനെത്തിയത്. "വാഴ്ത്തുന്നു ദൈവമേ" ഹിറ്റായതും കേരളത്തിലെ നിരവധി പള്ളികളിൽ പ്രാർത്ഥനാഗീതമായതും പിന്നീടുള്ള കഥ. ആദ്യ ഗാനം ജനപ്രീതി നേടിയിട്ടും സിനിമയിൽ എന്തുകൊണ്ട് തുടർന്നില്ല എന്ന ചോദ്യത്തിന് ഷൈലയുടെ ഉത്തരം ഇങ്ങനെ: "അവസരം തേടി എങ്ങും പോയില്ല എന്നതാണ് സത്യം. എങ്കിലും ഗാനമേളകളിൽ പാടാറുണ്ടായിരുന്നു. മലേഷ്യ വാസുദേവന്റെ കൂടെ നിരവധി വേദികൾ പങ്കിട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ ശുപാർശയിൽ ഒരിക്കൽ ഇളയരാജ സിനിമയിൽ പാടാൻ ക്ഷണിക്കുകയും ചെയ്തു. കുടുംബ ജീവിതത്തിന്റെ തിരക്കിലായതിനാൽ ക്ഷണം സ്വീകരിക്കാനായില്ല..."

ഇനിയും സിനിമയിൽ പാടാൻ അവസരം ലഭിച്ചാൽ..? "അതൊക്കെ അമിതമായ ആഗ്രഹങ്ങളല്ലേ.." ഷൈല ചിരിക്കുന്നു. "ഒന്ന് മാത്രം പറയാം. സംഗീതം എനിക്ക് ഒരിക്കലും മടുക്കില്ല. ഇന്നും ലതാജിയുടെ പാട്ടുകളാണ് ഏകാന്തതയിൽ എനിക്ക് കൂട്ട്..."

https://www.mathrubhumi.com/amp/movies-music/columns/paatuvazhiyorathu/nee-ente-prarthana-kettu-sister-shyla-kaatu-vithachavan-malayalam-devotional-song-1.2642067